പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2654

17.10.2016 ൽ
മറുപടിക്ക്

## എസ്.എ.പി സിവിൽ പോലീസ് ഓഫീസർ (തിരുവനന്തപുരം ജില്ല) ഒഴിവുകളിൽ നിയമനം

| ചോദ്യം<br>ശ്രീ. വി. ജോയി | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) പി.എസ്.സി 21.06.2016-ന് പ്രസിദ്ധീകരിച്ച എസ്.എ.പി സിവിൽ പോലീസ് ഓഫീസറുടെ (തിരുവനന്തപുരം ജില്ല) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ,ബി) 21.06.2016-നു പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയ്ക്ക് 19.08.2016-ൽ കൂട്ടിച്ചേർക്കൽ തിരുത്തൽ വിജ്ഞാപനങ്ങൾ നിലവിൽ വരികയുണ്ടായി. ടി തസ്തികയിലേയ്ക്ക് 338 (മുന്നൂറ്റി മുപ്പത്തിയെട്ട്) ഉദ്യോഗാർത്ഥികളുടെ റൊട്ടേഷൻ 03.10.2016-ൽ അംഗീകരിച്ചിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശാ നടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. |
| ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അടിയന്തിരമായി നിയമന ശിപാർശ നൽകുവാൻ പി.എസ്.സി-യ്ക്ക് നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ